14268
28/6/17

**കേരള സർക്കാർ**

**സംഗ്രഹം**

29/01/2016 വരെ നിയമനം ലഭിച്ച ജീവനക്കാരുടെ ശമ്പള കുടിശ്ശിക ധനമായി നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.2012/2017/പൊവിവ** **തിരുവനന്തപുരം, തീയതി 23/06/2017**

പരാമർശം:- സ.ഉ (പി) നം. 29/16/പൊവിവ തീയതി 29/01/2016.

**ഉത്തരവ്**

പരാമർശം പ്രകാരമുള്ള ഉത്തരവിലെ II (2), (3) ഖണ്ഡികകളനുസരിച്ച് നിയമനാംഗീകാരം ലഭിക്കുന്ന ജീവനക്കാരുടെ 29/01/2016 വരെയുള്ള ശമ്പളകുടിശ്ശിക പി.എഫിൽ നിക്ഷേപിക്കണമെന്ന് ഖണ്ഡിക II (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പി.എഫിൽ അംഗത്വമില്ലാത്തവർ/അംഗത്വം നിർബന്ധമില്ലാത്തവർ തുടങ്ങിയവർക്ക് 29/01/2016 വരെയുള്ള കുടിശ്ശിക പണമായി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 29/01/2016 ലെ ഉത്തരവ് പ്രകാരം നിയമനാംഗീകാരം ലഭിച്ച് പി.എഫ് അക്കൗണ്ട് ആരംഭിക്കുന്നതിന് മുൻപ് എയ്ഡഡ് അദ്ധ്യാപക/അനദ്ധ്യാപക തസ്തികയിൽ നിന്നും മറ്റ് സർവ്വീസുകളിലേക്ക് മാറിപ്പോയവർക്കും, പി.എഫിൽ അംഗത്വമില്ലാത്തവർ/അംഗത്വം നിർബന്ധമില്ലാത്തവർ എന്നിവർക്കും അവർ എൽ.പി/ യു.പി/ഹൈസ്കൂളുകളിൽ സേവനമനുഷ്ഠിച്ച കാലയളവിലെ ശമ്പളം ധനമായി നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മധു.കെ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
✓ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ